**മധുരമായ കുട്ടികളേ- ജോലികാര്യങ്ങള്‍ ചെയ്യുമ്പോഴും ഒരു ബാബയുടെ ഓര്‍മ്മയുണ്ടാകണം, നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും ബാബയേയും വീടിനേയും ഓര്‍മ്മിക്കൂ, ഇത് തന്നെയാണ് നിങ്ങളുടെ ധീരത.**

**ചോദ്യം-** ബാബയ്ക്ക് ആദരവ് നല്‍കുന്നതും ബാബയോട് അനാദരവ് കാണിക്കുന്നതും- ഇവ എപ്പോള്‍ എങ്ങനെ ഉണ്ടാകുന്നു?
**ഉത്തരം-** നിങ്ങള്‍ കുട്ടികള്‍ നല്ലരീതിയില്‍ ബാബയെ ഓര്‍മ്മിക്കുമ്പോള്‍ ആദരവ് നല്‍കലാണ്. അഥവാ ഓര്‍മ്മിക്കാന്‍ സമയമില്ല എന്നു പറയുകയാണെങ്കില്‍ അത് അനാദരവാണ്. വാസ്തവത്തില്‍ ഇത് ബാബയോട് അനാദരവ് കാണിക്കലല്ല, ഇത് സ്വയം തന്നെ അനാദരിക്കലാണ് അതിനാല്‍ കേവലം പ്രഭാഷണം ചെയ്യുന്നതില്‍ മാത്രം പ്രശസ്തരായാല്‍ പോരാ ഓര്‍മ്മയുടെ യാത്രയിലും ആവൂ, ഓര്‍മ്മയുടെ ചാര്‍ട്ട് വെക്കൂ. ഓര്‍മ്മയിലൂടെ മാത്രമേ ആത്മാവ് സതോപ്രധാനമായി മാറൂ.

**ഓംശാന്തി**. ആത്മീയ കുട്ടികളെ പ്രതി ആത്മീയ അച്ഛന്‍ മനസ്സിലാക്കിത്തരികയാണ്, 84 ജന്മങ്ങളുടെ ചക്രം മനസ്സിലാക്കിത്തരുന്നില്ലേ ഇതും ഒരു ജ്ഞാനമാണ്. ഇത് നിങ്ങള്‍ കുട്ടികള്‍ ജന്മ ജന്മാന്തരം പഠിച്ചതും ധാരണ ചെയ്തുവന്നതുമാണ്. ഇത് വളരെ സഹജമാണ്, പുതിയ കാര്യമല്ല.

ബാബയിരുന്ന് മനസ്സിലാക്കിത്തരികയാണ്- സത്യയുഗം മുതല്‍ കലിയുഗത്തിന്റെ അന്തിമം വരെ നിങ്ങള്‍ എത്ര പുനര്‍ജന്മങ്ങള്‍ എടുത്തു. ഈ ജ്ഞാനം വളരെ സഹജമായ രീതിയില്‍ നിങ്ങളുടെ ബുദ്ധിയിലുണ്ട്. ഇതും ഒരു പഠിപ്പാണ്, രചനയുടെ ആദി മദ്ധ്യ അന്ത്യത്തെ മനസ്സിലാക്കണം. ഇത് ബാബയ്ക്കല്ലാതെ മറ്റാര്‍ക്കും മനസ്സിലാക്കിത്തരാന്‍ സാധിക്കില്ല. ബാബ പറയുന്നു ഈ ജ്ഞാനത്തേക്കാള്‍ ഉയര്‍ന്ന കാര്യമാണ് ഓര്‍മ്മയുടെ യാത്ര, ഇതിനെയാണ് യോഗം എന്ന് പറയുന്നത്. യോഗം എന്ന പദം പ്രശസ്തമാണ്. എന്നാല്‍ ഇത് ഓര്‍മ്മയുടെ യാത്രയാണ്. എങ്ങനെയാണോ മനുഷ്യര്‍ യാത്ര പോകുന്നത്, അവര്‍ പറയും ഞങ്ങള്‍ ഇന്ന സ്ഥലത്തേയ്ക്ക് തീര്‍ത്ഥയാത്ര പോവുകയാണ്. ശ്രീനാഥിലേയ്ക്കോ അമര്‍നാഥിലേയ്ക്കോ പോവുകയാണെങ്കില്‍ അത് ഓര്‍മ്മയുണ്ടാകും. ഇപ്പോള്‍ നിങ്ങള്‍ക്ക് അറിയാം ആത്മീയ അച്ഛന്‍ വളരെ നീണ്ട യാത്ര നമ്മെ പഠിപ്പിക്കുകയാണ് അതായത് എന്നെ ഓര്‍മ്മിക്കൂ. ആ യാത്രകളില്‍ തിരിച്ചുവരാറുണ്ട്. ഈ യാത്ര ഇങ്ങനെയുള്ളതാണ് ഇതില്‍ മുക്തിധാമത്തില്‍ പോയി വസിക്കണം. തീര്‍ച്ചയായും പാര്‍ട്ടിലേയ്ക്ക് വരണം പക്ഷേ ഈ പഴയ ലോകത്തിലേയ്ക്ക് വരേണ്ടതില്ല. നിങ്ങള്‍ക്ക് ഈ പഴയ ലോകത്തോട് വൈരാഗ്യമാണ്. ഇത് വളരെ മോശമായ രാവണ ലോകമാണ്. അതിനാല്‍ പ്രധാനകാര്യം ഓര്‍മ്മയുടെ യാത്രയാണ്. എങ്ങനെയാണ് ഓര്‍മ്മിക്കേണ്ടത് എന്നതുപോലും ചില കുട്ടികള്‍ക്ക് അറിയില്ല. ചിലര്‍ ഓര്‍മ്മിക്കുന്നു ചിലര്‍ ഓര്‍മ്മിക്കുന്നില്ല- ഇത് കാണാന്‍ സാധിക്കുന്ന വസ്തുവല്ലല്ലോ. ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനായ എന്നെ ഓര്‍മ്മിക്കു. കാണാന്‍ കഴിയുന്ന കാര്യമല്ല. അറിയാനും കഴിയില്ല. ആ അവസ്ഥയില്‍ എത്രത്തോളം ഓര്‍മ്മയുടെ യാത്രയില്‍ നിലനില്‍ക്കാന്‍ സാധിക്കുന്നുണ്ട് എന്നത് തനിക്കുമാത്രമേ അറിയൂ. യുക്തികള്‍ അനേകം പേര്‍ക്ക് പറഞ്ഞുകൊടുക്കുന്നുണ്ട്. മംഗളകാരിയായ ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്- സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ശിവബാബയെ ഓര്‍മ്മിക്കൂ. തീര്‍ച്ചയായും തന്റെ സേവനവും ചെയ്തുകൊണ്ടിരിക്കൂ. ഉദാഹരണമുണ്ടല്ലോ- കാവല്‍ നില്‍ക്കുന്ന കുട്ടികളുണ്ട്, റോന്ത് ചുറ്റിക്കൊണ്ടേയിരിക്കുന്നു, അവര്‍ക്ക് ഇത് ഓര്‍മ്മിക്കുക വളരെ സഹജമാണ്. ബാബയല്ലാതെ മറ്റൊന്നും ഓര്‍മ്മവരാന്‍ പാടില്ല. ബാബ ഉദാഹരണം നല്‍കി മനസ്സിലാക്കിത്തരികയാണ്, ഈ ഓര്‍മ്മയുടെ യാത്രയില്‍ തന്നെ റോന്ത് ചുറ്റണം. എങ്ങനെയാണോ പാദിരിമാര്‍ പോകുന്നത്, എത്ര ശാന്തതയോടെയാണ് പോകുന്നത്. അതിനാല്‍ നിങ്ങള്‍ കുട്ടികള്‍ക്കും വളരെ സ്നേഹത്തോടെ ബാബയേയും വീടിനേയും ഓര്‍മ്മിക്കണം. ഈ ലക്ഷ്യം വളരെ വലുതാണ്. ഭക്തരും ഇതേ പുരുഷാര്‍ത്ഥമാണ് ചെയ്യുന്നത്. പക്ഷേ നമുക്ക് തിരിച്ച് പോകണം എന്ന കാര്യം അവര്‍ക്ക് അറിയില്ല. എപ്പോള്‍ കലിയുഗം പൂര്‍ത്തിയാകുന്നുവോ അപ്പോള്‍ പോകും എന്നാണ് അവര്‍ കരുതുന്നത്. അവര്‍ക്ക് ഇതുപോലെ പഠിപ്പിച്ചുകൊടുക്കാന്‍ ആരുമില്ല. നിങ്ങള്‍ കുട്ടികള്‍ക്ക് പഠിപ്പിച്ചുതരുന്നുണ്ട്. കാവല്‍ നില്‍ക്കുകയാണെങ്കില്‍ ഏകാന്തമായി എത്രത്തോളം ബാബയെ ഓര്‍മ്മിക്കുന്നുവോ അത്രയും നല്ലതാണ്. ഓര്‍മ്മയിലൂടെ പാപം മുറിയും. ജന്മജന്മാന്തരങ്ങളിലെ പാപം തലയിലുണ്ട്. ആരാണോ ആദ്യം സതോപ്രധാനമായി മാറുന്നത് അവര്‍ തന്നെയാണ് ആദ്യം രാമരാജ്യത്തിലേയ്ക്ക് പോകുന്നത്. അതിനാല്‍ അവര്‍ക്കാണ് ഏറ്റവും കൂടുതല്‍ ഓര്‍മ്മയുടെ യാത്രയില്‍ ഇരിക്കേണ്ടത്. കല്പ കല്പങ്ങളിലെ കാര്യമാണ്. അതിനാല്‍ അവര്‍ക്ക് ഓര്‍മ്മയുടെ യാത്രയില്‍ ഇരിക്കുന്നതിനുള്ള നല്ല അവസരമുണ്ട്. ഇവിടെ യുദ്ധത്തിന്റേയോ വഴക്കിന്റേയോ

ഒരു കാര്യവുമില്ല. റോന്ത് ചുറ്റുമ്പോഴും, ഇരിക്കുമ്പോഴും ഒരു വെടിക്ക് രണ്ട് പക്ഷി – കാവലും നിൽക്കൂ, ബാബയെ ഓർമ്മിക്കുകയും ചെയ്യൂ. കർമ്മങ്ങൾ ചെയ്തുകൊണ്ടും ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. കാവൽ നിൽക്കുന്നവർക്കാണ് ഏറ്റവും കൂടുതൽ ലാഭം. പകലായാലും രാത്രിയായാലും ആരാണോ കാവൽ നിൽക്കുന്നത്, അഥവാ ഓർമ്മിക്കുന്ന ശീലമുണ്ടെങ്കിൽ അവർക്ക് വളരെ അധികം ലാഭമാണ്. ബാബ ഈ സേവനം വളരെ നന്നായി ചെയ്യുമായിരുന്നു, കാവലും ഓർമ്മയുടെ യാത്രയും. ഇതും ബാബ യുടെ ഓർമ്മയിൽ ഇരിക്കുന്നതിന് ലഭിക്കുന്ന അവസരമാണ്. ഓർമ്മയുടെ യാത്രയിൽ ഇരിക്കുന്നതിനായി ഇങ്ങനെ ഭിന്ന–ഭിന്ന യുക്തികൾ പറഞ്ഞു തരികയാണ്. നിങ്ങൾ ഇവിടെ എത്രത്തോളം ഓർമ്മയിൽ ഇരി ക്കുന്നോ അത്രയും ഓർമ്മിക്കാൻ പുറത്ത് ജോലി കാര്യങ്ങളിൽ ഏർപ്പെടുമ്പോൾ സാധിക്കില്ല, അതി നാൽ കുട്ടികൾ മധുബനിലേയ്ക്ക് വരുന്നത് റിഫ്രഷ് ആകാനാണ്. ഒരാൾ ഏകാന്തമായി പർവ്വതമുകളിലി രുന്ന് ഓർമ്മയുടെ യാത്രയിൽ മുഴുകും പിന്നെ ഒരാൾകൂടി പോകും പിന്നീട് 2–3 പേർ പോകും. ഇവിടെ വളരെ നല്ല അവസരമുണ്ട്. ബാബയുടെ ഓർമ്മയാണ് മുഖ്യം. ഭാരതത്തിന്റെ പ്രാചീന യോഗം വളരെ പ്രശസ്തമാണ്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി ഈ ഓർമ്മയുടെ യാത്രയിലൂടെ പാപം ഇല്ലാതാകും. നമ്മൾ സതോപ്രധാനമായി മാറും. അതിനാൽ ഇതിൽ വളരെ നന്നായി പുരുഷാർത്ഥം ചെയ്യണം, ജോലി കൾ ചെയ്തുകൊണ്ടും ബാബയുടെ ഓർമ്മയിൽ ഇരുന്ന് കാണിക്കുന്നതാണ് സാമർത്ഥ്യം. കർമ്മം തീർച്ച യായും ചെയ്യണം കാരണം നിങ്ങളുടേത് പ്രവൃത്തി മാർഗ്ഗമാണ്. ഗൃഹസ്ഥ വ്യവഹാരത്തിൽ ഇരുന്നു കൊണ്ടും ജോലികാര്യങ്ങൾ ചെയ്യുമ്പോഴും ബുദ്ധിയിൽ ബാബയുടെ ഓർമ്മയുണ്ടാകണം, ഇതിൽ നിങ്ങൾക്ക് വളരെ വലിയ സമ്പാദ്യമുണ്ട്. ഇപ്പോൾ പല കുട്ടികളുടേയും ബുദ്ധിയിൽ ഇത് വരുന്നില്ല. ബാബ പറഞ്ഞുകൊണ്ടേയിരിക്കുന്നു ചാർട്ട് വെയ്ക്കൂ. വളരെ കുറച്ച് പേരാണ് എന്തെങ്കിലും എഴുതുന്ന ത്. ബാബ വളരെ അധികം യുക്തികൾ പറഞ്ഞുതരുന്നുണ്ട്. ബാബയുടെ അടുത്തേയ്ക്ക് പോകണം എന്ന് കുട്ടികൾ ആഗ്രഹിക്കുന്നുണ്ട്. ഇവിടെ വളരെ അധികം സമ്പാദിക്കാൻ സാധിക്കും. ഇവിടെ ഏകാന്തത വളരെയധികമുണ്ട്. ബാബ സന്മുഖത്ത് ഇരുന്ന് മനസ്സിലാക്കിത്തരുകയാണ് എന്നെ ഓർമ്മിക്കൂ എങ്കിൽ പാപം ഇല്ലാതാകും എന്തുകൊണ്ടെന്നാൽ ജന്മ ജന്മാന്തരങ്ങളിലെ പാപം തലയിലുണ്ട്. വികാരത്തിനായി എത്ര വഴക്കിടുന്നു, വിഘ്നങ്ങൾ ഉണ്ടാകുന്നു. ബാബാ ഞങ്ങളെ പവിത്രമായിരിക്കാൻ അനുവദിക്കുന്നില്ല എന്ന് പറയുന്നു. ബാബ പറയുന്നു– കുട്ടികളേ, നിങ്ങൾ ഓർമ്മയുടെ യാത്രയിലിരുന്ന് ജന്മജന്മാന്തരങ്ങ ളായി നിങ്ങളുടെ തലയിൽ എത്ര പാപമുണ്ടോ അതിന്റെ ഭാരത്തെ ഇല്ലാതാക്കൂ. വീട്ടിൽ ഇരുന്നുകൊണ്ടും ശിവബാബയെ ഓർമ്മിക്കൂ. എവിടെ ഇരുന്നും ഓർമ്മിക്കാവുന്നതാണ്. എവിടെ ഇരുന്നും ഈ അഭ്യാസം ചെയ്യണം. ആരെല്ലാം വരുന്നോ അവർക്കും ഈ സന്ദേശം നൽകണം. ബാബ പറയുന്നു സ്വയം ആത്മാ വാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ, ഇതിനെയാണ് യോഗബലം എന്നു പറയുന്നത്. ബലം അർത്ഥം ശക്തി. ബാബയെ സർവ്വശക്തിവാൻ എന്നല്ലേ പറയുന്നത്. എങ്കിൽ ആ ശക്തി എങ്ങനെ ബാബ യിൽ നിന്നും ലഭിക്കും? ബാബ സ്വയം പറയുന്നു എന്നെ ഓർമ്മിക്കൂ. നിങ്ങൾ താഴേയ്ക്ക് ഇറങ്ങി–ഇറങ്ങി തമോപ്രധാനമായിരിക്കുന്നു അതിനാൽ ആ ശക്തി അവസാനിച്ചിരിക്കുന്നു. കാലണയുടേതുപോലും ബാക്കി യില്ല. നിങ്ങളിലും ചിലർ വളരെ നല്ലരീതിയിൽ മനസ്സിലാക്കിക്കൊടുക്കുകയും ഓർമ്മിക്കുകയും ചെയ്യുന്ന വരാണ്.

അതിനാൽ സ്വയം തന്നോടുതന്നെ ചോദിക്കണം എന്റെ ചാർട്ട് എങ്ങനെയുള്ളതാണ്? ബാബ മുഴുവൻ കുട്ടികളോടും പറയുന്നു, ഓർമ്മയുടെ യാത്രയാണ് മുഖ്യം. ഓർമ്മയിലൂടെ മാത്രമേ നിങ്ങളുടെ പാപം ഇല്ലാതാകൂ. ജാഗ്രതപ്പെടുത്താൻ ആരുമില്ലെങ്കിലും ബാബയെ ഓർമ്മിക്കാൻ സാധിക്കുമല്ലോ. അഥവാ വിദേശത്ത് ഒറ്റയ്ക്ക് താമസിക്കുകയാണെങ്കിലും ശരി ബാബയെ ഓർമ്മിക്കാൻ കഴിയും. വിവാഹം കഴി ച്ചവർ, അവരുടെ പത്നി വേറെ ഏതെങ്കിലും സ്ഥലത്താണെങ്കിൽ അവർക്കും എഴുതാൻ സാധിക്കും– നിങ്ങൾ ഒരേയൊരു കാര്യം മാത്രം ഓർമ്മിക്കൂ– ബാബയെ ഓർമ്മിക്കുകയാണെങ്കിൽ ജന്മ ജന്മാന്തരങ്ങ ളിലെ പാപം ഭസ്മമാകും. വിനാശം തൊട്ടുമുന്നിലുണ്ട്. ബാബ വളരെ അധികം യുക്തികൾ നല്ലരീതിയിൽ പറഞ്ഞുമനസ്സിലാക്കിത്തരുന്നുണ്ട് പിന്നീട് ആര് ചെയ്താലും ചെയ്തില്ലെങ്കിലും അത് അവരുടെ ഇഷ്ടം. ബാബ വളരെ നല്ല വഴിയാണ് പറഞ്ഞുതരുന്നത് എന്നത് കുട്ടികളും മനസ്സിലാക്കുന്നുണ്ടാകും. മിത്ര– സംബന്ധികൾ ആരെ കാണുമ്പോഴും അവർക്ക് സന്ദേശം നൽകുക എന്നത് നമ്മുടെ കർത്തവ്യമാണ്. സുഹൃത്താകട്ടെ, ആരുമാകട്ടെ സേവനം ചെയ്യുന്നതിനുള്ള താല്പര്യമുണ്ടായിരിക്കണം. നിങ്ങളുടെ പക്കൽ ചിത്രമുണ്ട്, ബാഡ്ജുമുണ്ട്. ഇത് വളരെ നല്ല സാധനമാണ്. ബാഡ്ജ് ഉപയോഗിച്ച് ആരെയും ലക്ഷ്മീ നാരായണനാക്കി മാറ്റാൻ സാധിക്കും. ത്രിമൂർത്തിയുടെ ചിത്രം ഉപയോഗിച്ച് നല്ലരീതിയിൽ മനസ്സിലാക്കി ക്കൊടുക്കണം, ഇവർക്ക് മുകളിൽ ശിവ ഭഗവാനുണ്ട്. ലോകർ ത്രിമൂർത്തികളെ നിർമ്മിക്കാറുണ്ട് പക്ഷേ അതിനുമുകളിൽ ശിവനെ കാണിക്കാറില്ല. ശിവഭഗവാനെ അറിയാത്തതു കാരണം ഭാരതത്തിന്റെ തോണി മുങ്ങിയിരിക്കുന്നു. ഇപ്പോൾ ശിവബാബയിലൂടെ തന്നെ ഭാരതത്തിന്റെ തോണി അക്കരയിലെത്തും. പതി

തപാവനാ വന്ന് ഞങ്ങൾ പതിതരെ പാവനമാക്കി മാറ്റൂ എന്ന് പറഞ്ഞ് വിളിക്കുന്നു പിന്നീട് സർവ്വവ്യാപി എന്നും പറയുന്നു. എത്രത്തോളം വില കുറഞ്ഞ തെറ്റാണിത്. ബാബ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ് നിങ്ങൾ ഇങ്ങനെ ഇങ്ങനെയെല്ലാം പ്രഭാഷണം ചെയ്യണം. ബാബയും നിർദേശങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു- ഇങ്ങനെ മ്യൂസിയം തുറക്കൂ, സേവനം ചെയ്യൂ എങ്കിൽ വളരെ അധികം ആളുകൾ വരും. സർക്കസും വളരെ വലിയ വലിയ നഗരങ്ങളിലല്ലേ ഉണ്ടാക്കുക. അവരുടെ കൈയ്യിൽ എത്രമാത്രം സാധനങ്ങൾ ഉണ്ടാകും. ഗ്രാമ ഗ്രാമങ്ങളിൽ നിന്ന് കാണാൻ ആളുകൾ വരും അതിനാൽ ബാബയും പറയുന്നു ഇങ്ങനെയുള്ള ഭംഗിയുള്ള മ്യൂസിയം നിർമ്മിക്കൂ, അത് കണ്ട് ആളുകൾ സന്തുഷ്ടരാകണം പിന്നീട് മറ്റുള്ളവരെ കേൾപ്പിക്കണം. ഇതും മനസ്സിലാക്കിത്തരുന്നുണ്ട് എന്തെല്ലാം സേവനങ്ങളുണ്ടോ അതെല്ലാം കല്പം മുമ്പത്തേതുപോലെ നടക്കും, പക്ഷേ സതോപ്രധാനമാകുന്നതിൽ വളരെ ചിന്തയുണ്ടായിരിക്കണം. ഇതിലാണ് കുട്ടികൾ തെറ്റുചെയ്യുന്നത്. മായ വിഘ്നമിടുന്നതും ഈ ഓർമ്മയുടെ യാത്രയിലാണ്. തന്റെ ഹൃദയത്തോട് ചോദിക്കണം- ഇത്ര താല്പര്യം എനിക്കുണ്ടോ, ഞാൻ പരിശ്രമിക്കുന്നുണ്ടോ? ജ്ഞാനം സാധാരണ കാര്യമാണ്. ബാബയ്ക്കല്ലാതെ മറ്റാർക്കും 84 ന്റെ ചക്രത്തെ മനസ്സിലാക്കിത്തരാൻ സാധിക്കില്ല. ബാക്കി ഓർമ്മയുടെ യാത്രയാണ് മുഖ്യം. അവസാന സമയത്ത് ശിവബാബയല്ലാതെ മറ്റാരും ഓർമ്മ വരരുത്. ബാബ പൂർണ്ണമായും നിർദേശങ്ങൾ നൽകുന്നുണ്ട്. മുഖ്യമായ കാര്യം ഓർമ്മയുടെ യാത്രയാണ്. ആർക്കുവേണമെങ്കിലും മനസ്സിലാക്കിക്കൊടുക്കാൻ നിങ്ങൾക്ക് സാധിക്കും. ആരാണെങ്കിലും ശരി, നിങ്ങൾ ബാഡ്ജ് ഉപയോഗിച്ച് പറഞ്ഞുകൊടുക്കൂ. ബാക്കി ആരുടെ കൈയ്യിലും ഇത്രയും അർത്ഥസഹിതമുള്ള മെഡൽ ഉണ്ടാവില്ല. മിലിറ്ററിയിലുള്ളവർ നന്നായി കാര്യങ്ങൾ ചെയ്താൽ അവർക്ക് മെഡൽ നൽകാറുണ്ട്. അധികാരിയിൽ നിന്നും മെഡൽ ലഭിക്കും, എല്ലാവരും നോക്കും ഇവർക്ക് വൈസ്രോയിയിൽ നിന്നും ടൈറ്റിൽ ലഭിച്ചിരിക്കുന്നു. മുമ്പ് വൈസ്രോയിമാരാണല്ലോ ഉണ്ടായിരുന്നത്. ഇപ്പോഴാണെങ്കിൽ അവർക്ക് ഒരു പദവിയുമില്ല. ഇപ്പോൾ എത്ര യുദ്ധങ്ങൾ നടക്കുന്നു. മനുഷ്യരുടെ എണ്ണം വളരെ വർദ്ധിച്ചു അതിനാൽ അവർക്കും നഗരങ്ങളിൽ സ്ഥലം വേണം. ഇപ്പോൾ ബാബ സ്വർഗ്ഗം സ്ഥാപിക്കുകയാണ്, ഇത്രയും ആളുകൾ നശിച്ചുപോകും, ബാക്കി കുറച്ചുപേരാണ് ഉണ്ടാവുക. ഭൂമി ഒരുപാട് ഉണ്ടാകും. അവിടെ എല്ലാം പുതിയതായിരിക്കും. ആ പുതിയ ലോകത്തിലേയ്ക്ക് പോകുന്നതിനുവേണ്ടി വളരെ നല്ലരീതിയിൽ പുരുഷാർത്ഥം ചെയ്യണം. ഓരോ മനുഷ്യരും പുരുഷാർത്ഥം ചെയ്യുന്നത് ഉയർന്ന പദവി നേടാനാണ്. പൂർണ്ണമായും പുരുഷാർത്ഥം ചെയ്യുന്നില്ലെങ്കിൽ തോറ്റുപോകുമെന്ന് മനസ്സിലാക്കും. തോറ്റുപോകും എന്ന് സ്വയം മനസ്സിലാക്കുന്നതിനാൽ പഠിപ്പ് ഉപേക്ഷിച്ച് ജോലിയിൽ മുഴുകും. ഇപ്പോഴാണെങ്കിൽ ജോലി ചെയ്യാനും വളരെ കടുത്ത നിയമങ്ങളാണുള്ളത്. മനുഷ്യർ വളരെ ദുഃഖികളാണ്. ഇപ്പോൾ ബാബ നിങ്ങൾക്ക് ഇങ്ങനെയുള്ള വഴിയാണ് പറഞ്ഞുതരുന്നത് ഇതിലൂടെ 21 ജന്മങ്ങളിലേയ്ക്ക് ഒരിയ്ക്കലും ദുഃഖത്തിന്റെ പേരുപോലും ഉണ്ടാകില്ല. ബാബ പറയും കേവലം ഓർമ്മയുടെ യാത്രയിൽ ഇരിക്കൂ. എത്ര സാധിക്കുമോ രാത്രിയും വളരെ നല്ലതാണ്. കിടന്നുകൊണ്ടേ ഓർമ്മിക്കൂ. ചിലർക്ക് പിന്നീട് ഉറക്കം വരും. പ്രായമായെങ്കിൽ, അധികനേരം ഇരിക്കാൻ സാധിക്കില്ലെങ്കിൽ തീർച്ചയായും ഉറക്കം വരും. കിടന്നുകൊണ്ടേ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കും. വളരെ അധികം സന്തോഷം ഉള്ളിൽ ഉണ്ടാകും എന്തുകൊണ്ടെന്നാൽ ഒരുപാട് സമ്പാദ്യം ഉണ്ടാവുകയാണ്. ഇത് മനസ്സിലാക്കുന്നുണ്ട് – ഇനിയും സമയമുണ്ട് പക്ഷേ മരണത്തിന് ഒരു നിശ്ചയവുമില്ല. അതിനാൽ ബാബ മനസ്സിലാക്കിത്തരുകയാണ് ഓർമ്മയുടെ യാത്രയാണ് പ്രധാനം. പുറത്ത് നഗരത്തിൽ ബുദ്ധിമുട്ടാണ്. ഇവിടെ വരുമ്പോൾ വളരെ നല്ല അവസരം ലഭിക്കുന്നു. ചിന്തിക്കേണ്ട ഒരു കാര്യവുമില്ല അതിനാൽ ഇവിടെ ചാർട്ട് വർദ്ധിപ്പിച്ചുകൊണ്ടിരിക്കൂ. നിങ്ങളുടെ സ്വഭാവവും ഇതിലൂടെ നല്ലതാകും. പക്ഷേ മായ വളരെ ശക്തിശാലിയാണ്. പുറത്തുള്ളവർക്ക് എത്ര ശ്രദ്ധയുണ്ടോ അത്രയും ശ്രദ്ധ വീട്ടിൽ ഇരിക്കുന്നവർക്ക് ഇല്ല. എന്നിട്ടും ഈ സമയത്ത് ഗോപന്മാരുടെ റിസൾട്ട് നല്ലതാണ്.

ചില പെൺകുട്ടികൾ എഴുതുന്നു വിവാഹത്തിനായി ഒരുപാട് നിർബന്ധിക്കുന്നു, എന്ത് ചെയ്യും? ആരാണോ വിവേകശാലിയും ശക്തിശാലിയുമായ കുട്ടികൾ അവർ ഒരിയ്ക്കലും ഇങ്ങനെ എഴുതില്ല. എഴുതിയാൽ ബാബ മനസ്സിലാക്കും- ആട്ടിൻകുട്ടിയാണ്. തന്റെ ജീവിതത്തെ രക്ഷിക്കുക എന്നത് തന്റെ കൈയ്യിലാണ്. ഈ ലോകത്ത് അനേകപ്രകാരത്തിലുള്ള ദുഃഖങ്ങളുണ്ട്. ഇപ്പോൾ ബാബ സഹജമായി പറഞ്ഞുതരുകയാണ്.

നിങ്ങൾ കുട്ടികൾ വലിയ ഭാഗ്യശാലികളാണ്, നിങ്ങൾ വന്ന് പ്രഭുകുമാരന്മാരായിരിക്കുന്നു. ബാബ എത്ര ഉയർന്നവരാക്കി മാറ്റുന്നു. എന്നിട്ടും നിങ്ങൾ ബാബയെ നിന്ദിക്കുന്നു, അതും വില കുറഞ്ഞ നിന്ദ. ഇത്രയും തമോപ്രധാനമായിരിക്കുന്നു കാര്യം ചോദിക്കുകയേ വേണ്ട. ഇതിലും കൂടുതൽ എന്താണ് സഹിക്കുക. പറയാറില്ലേ- കൂടുതൽ ബുദ്ധിമുട്ടിച്ചാൽ തട്ടിക്കളയുമെന്ന്. അതിനാൽ ബാബ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്. ശാസ്ത്രങ്ങളിൽ കഥകൾ എഴുതിവെച്ചിരിക്കുകയാണ്. ബാബ വളരെ സഹജമായ യുക്തികൾ

പറഞ്ഞുതരുന്നു. കർമ്മങ്ങൾ ചെയ്തുകൊണ്ടും ഓർമ്മിക്കൂ, ഇതിൽ വളരെ വലിയ ലാഭമുണ്ട്. അതിരാവിലെ വന്ന് ഓർമ്മയിൽ ഇരിക്കൂ. വളരെ അധികം രസം തോന്നും. പക്ഷേ ഇത്രയും ലഹരിയില്ല. ടീച്ചർ വിദ്യാർത്ഥിയുടെ പെരുമാറ്റത്തിൽ നിന്നുതന്നെ മനസ്സിലാക്കും- ഇവർ തോറ്റുപോകും. ബാബയും മനസ്സിലാക്കും- ഇവർ തോറ്റുപോകും, അതും കല്പ കല്പങ്ങളിലേയ്ക്ക്. പ്രഭാഷണം ചെയ്യുന്നതിൽ സമർത്ഥരാണ്, പ്രദർശിനിയിലും മനസ്സിലാക്കിക്കൊടുക്കുന്നു പക്ഷേ ഓർമ്മിക്കുന്നില്ല, ഇതിൽ തോറ്റുപോകുന്നു. അതും അനാദരവ് കാണിക്കലാണ്. സ്വയം അവനവനെ തന്നെ അപമാനിക്കുകയാണ്, ശിവബാബയ്ക്ക് ഒരിയ്ക്കലും അപമാനം തോന്നില്ല. എനിക്ക് ഓർമ്മിക്കാൻ സമയമേ ലഭിക്കുന്നില്ല എന്ന് ആർക്കും പറയാൻ കഴിയില്ല. ബാബ ഇത് അംഗീകരിക്കില്ല. സ്നാനം ചെയ്യുമ്പോഴും ഓർമ്മിക്കാൻ സാധിക്കും. ഭോജനം കഴിക്കുമ്പോളും ബാബയെ ഓർമ്മിക്കൂ, ഇതിൽ വളരെ വലിയ സമ്പാദ്യമുണ്ട്. ഒരുപാട് കുട്ടികൾ കേവലം പ്രഭാഷണം ചെയ്യുന്നതിൽ പ്രശസ്തമാണ്, യോഗമില്ല. ആ അഹങ്കാരം തന്നെ വീഴ്ത്തിക്കളയും. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര-മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം-

1) സർവ്വശക്തിവാനായ ബാബയിൽ നിന്നും ശക്തി നേടുന്നതിനായി ഓർമ്മയുടെ ചാർട്ടിനെ വർദ്ധിപ്പിക്കണം. ഓർമ്മിക്കുന്നതിനായി ഭിന്ന-ഭിന്ന യുക്തികൾ രചിക്കണം. ഏകാന്തമായിരുന്ന് വിശേഷ സമ്പാദ്യം ശേഖരിക്കണം.

2) സതോപ്രധാനമായി മാറുന്നതിനുള്ള ചിന്തയുണ്ടായിരിക്കണം. ഇതിൽ ഉപേക്ഷ കാണിക്കരുത്. അഹങ്കാരത്തിലേയ്ക്ക് വരരുത്. സേവനം ചെയ്യുന്നതിനുള്ള ലഹരിയുണ്ടായിരിക്കണം, അതിനോടൊപ്പം തന്നെ ഓർമ്മയുടെ യാത്രയിലും ഇരിക്കണം.

### വരദാനം:- എല്ലാം തന്നെ ബാബക്ക് കൈമാറ്റം ചെയ്ത് കമലപുഷ്പ സമാനം സ്നേഹിയും നിർമ്മോഹിയുമായിരിക്കുന്ന ഡബിൾലൈറ്റായി ഭവിക്കട്ടെ.

ബാബയുടേതായി മാറുക അർത്ഥം എല്ലാ ഭാരങ്ങളും ബാബക്ക് ഏല്പിച്ച് കൊടുക്കുക. ഡബിൾ ലൈറ്റ് എന്നതിന്റെ അർത്ഥം തന്നെ ഇതാണ് എല്ലാം ബാബക്ക് കൈമാറ്റം ചെയ്യുക. ഈ ശരീരം പോലും എന്റേതല്ല. അപ്പോൾ ഈ ശരീരമേ ഇല്ലെങ്കിൽ പിന്നെ എന്താണ് ബാക്കിയുള്ളത്. താങ്കൾ എല്ലാവരുടെയും പ്രതിജ്ഞ തന്നെ ഇതാണ് ശരീരവും നിന്റെ, മനസ്സും നിന്റെ, ധനവും നിന്റെ- എല്ലാം തന്നെ നിന്റേതാണെന്ന് പറഞ്ഞാൽ പിന്നെ ഭാരം ഏത് കാര്യത്തിനാണ്. അതിനാൽ കമലപുഷ്പത്തിന്റെ ഉദാഹരണം സ്മൃതിയിൽ വെച്ച് സദാ സ്നേഹിയും നിർമ്മോഹിയുമായിരിക്കൂ എങ്കിൽ ഡബിൾ ലൈറ്റായി മാറും.

### സ്ലോഗൻ:-ആത്മീയതയിലൂടെ ഗർവ്വിനെ സമാപ്തമാക്കി സ്വയത്തെ ശരീരത്തിന്റെ സ്മൃതിയിൽ നിന്ന് എരിയിച്ചുകളയുന്നവർ തന്നെയാണ് സത്യമായ പാണ്ഡവർ.